**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1736** — **11-10-2024 - ൽ മറുപടിയ്ക്ക്**

**സർവ്വകലാശാല ജീവനക്കാരുടെയും അധ്യാപകരുടെയും പെൻഷൻ ആനുകൂല്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. പി. അനിൽ കുമാർ** | | **ഡോ. ആർ. ബിന്ദു (ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | സാമ്പത്തിക പ്രതിസന്ധി മൂലം സർവ്വകലാശാല ജീവനക്കാരുടെയും അധ്യാപകരുടെയും പെൻഷൻ ആനുകൂല്യങ്ങൾ തടഞ്ഞു വച്ചിട്ടുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സർവ്വകലാശാലകളിൽ ഏത് വർഷം മുതൽ വിരമിച്ച ജീവനക്കാർക്ക് ടി അനുകൂല്യങ്ങൾ നൽകാനുണ്ട് ; | (എ) | കാലടി ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാലയിൽ 2017, 2018, 2020 വർഷങ്ങളിൽ സർവീസിൽ നിന്നും വിരമിച്ച ഓരോ അധ്യാപക-അനധ്യാപക ജീവനക്കാരുടെയും, 2022-2024 വർഷങ്ങളിൽ വിരമിച്ച 26 അധ്യാപക-അനധ്യാപക ജീവനക്കാരുടെയും പെൻഷൻ ആനുകൂല്യങ്ങളിൽ ഉൾപ്പെട്ടിട്ടുള്ള പെൻഷൻ കമ്മ്യൂട്ടേഷൻ, DCRG, ടെർമിനൽ സറണ്ടർ എന്നിവ ഫണ്ട് അപര്യാപ്തത മൂലം നല്കാനാവാതെ മുടങ്ങിയിട്ടുണ്ട്. |
| (ബി) | ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള ഗ്രാന്റ് അധികമായി നൽകാൻ സർക്കാർ നടപടി സ്വീകരിക്കുമോ? | (ബി) | ഉചിതമായ തുക സർവകലാശാലകൾക്ക് ഗ്രാന്റ് ഇനത്തിൽ സർക്കാർ നൽകിവരുന്നു. |

സെക്ഷൻ ഓഫീസർ